സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ

293 (1001) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനും കാൻസർ, കിഡ്നി സംബന്ധമായ മാരകരോഗങ്ങൾ ബാധിച്ചവർക്കും പട്ടികജാതി ക്ഷേമവകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് 50,000 രൂപ വരെ ധനസഹായം നൽകിവരുന്നു. ആയതിലേക്ക് ജാതി, വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഐഡന്റിറ്റി കാർഡ്. റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം പൂരിപ്പിച്ച അപേക്ഷ അതത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. ക്യാൻസർ, കിഡ്നി സംബന്ധമായ മാരകമായ രോഗങ്ങൾ ബാധിച്ച 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് 1,00,000 രൂപ വരെ വകുപ്പിൽനിന്നും ധനസഹായം നൽകിവരുന്നു. ആയതിലേക്കായി അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം, ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ബ്ലോക്ക്/നഗരസഭാ തലങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ ആഫീസുകളിൽ സമർപ്പിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly